**പതിമൂന്നാം കേരള നിയമസഭ**

**നാലാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: **617** **08.03.2012 ൽ** മറുപടിക്ക്

**ആരോഗ്യ മേഖലയിൽ കേന്ദ്രസഹായം**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. എ.റ്റി. ജോർജ്<br>ശ്രീ. വർക്കല കഹാർ<br>ശ്രീ. കെ. അച്ചുതൻ<br>ശ്രീ. ഷാഫി പറമ്പിൽ | **ശ്രീ. അടൂർ പ്രകാശ്**<br>**(ആരോഗ്യവും കയറും വകുപ്പ് മന്ത്രി)** |
| എ) കഴിഞ്ഞ നവംബറിൽ മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ നടന്ന ഡൽഹി സന്ദർശനംമൂലം ആരോഗ്യമേഖലയിൽ ലഭിച്ച പദ്ധതികൾ എന്തെല്ലാമാണ് ; | എ) (i) ടെറിഷ്യറി ക്യാൻസർ സെന്റർ (ടി.സി.സി) സ്കീമിൽ ഉൾപ്പെടുത്തി മലബാർ ക്യാൻസർ സെന്ററിന് 4.8 കോടി രൂപ കേന്ദ്ര സർക്കാർ അനുവദിച്ചിട്ടുണ്ട്.<br>(ii) കേരളത്തിൽ നിന്നുള്ള 390 വിദ്യാർത്ഥികൾക്ക് പ്രവേശനം നേടാവുന്ന തരത്തിൽ കോയമ്പത്തൂരിൽ റീജിയണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് പാരാമെഡിക്കൽ സയൻസ് സ്ഥാപിക്കാനുള്ള നിലപാട് കേന്ദ്ര സർക്കാർ എടുത്തിട്ടുണ്ട്.<br>(iii) കോഴിക്കോട് മെഡിക്കൽ കോളേജിന് പി.എം.എസ്. എസ്.വൈ. പദ്ധതിക്ക് തത്വത്തിൽ അംഗീകാരം ലഭിച്ചിട്ടുണ്ട്. |
| ബി) ഈ പദ്ധതികൾക്കായി എത്ര കോടി രൂപയുടെ കേന്ദ്ര ധനസഹായം ആണ് ലഭിക്കുന്നത്; | ബി) മലബാർ ക്യാൻസർ സെന്ററിനു വേണ്ടി 4.8 കോടി രൂപയുടെ കേന്ദ്ര ധനസഹായം അനുവദിച്ചിട്ടുണ്ട്. |
| സി) ഈ പദ്ധതികൾ നടപ്പിലാക്കുവാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ? | സി) (i) മലബാർ ക്യാൻസർ സെന്ററിന് ടി.സി.സി. സ്കീം നടപ്പാക്കുന്ന തിനു വേണ്ടി 20% സംസ്ഥാന വിഹിതം നൽകുന്നതിനുള്ള ഫണ്ട് എൻ. ആർ.എച്ച്.എം-ന് നൽകിയിട്ടുണ്ട്. |

(ii) പി.എം.എസ്.എസ്.വൈ. പദ്ധതിയിൽ ഉൾപ്പെടുത്തി കോഴിക്കോട് മെഡിക്കൽ കോളേജിലെ സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനുള്ള സ്കീമിൽ സംസ്ഥാനവിഹിതം ലഭ്യമാക്കുമെന്ന് ഉറപ്പ് നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

(iii) കേന്ദ്ര സർക്കാർ ആവശ്യപ്പെട്ട പ്രകാരം, എൻഡോസൾഫാൻ ദുരിത ബാധിതർക്കുള്ള സഹായ നിർദ്ദേശം, എൻ.ആർ.എച്ച്.എം വാർഷിക അടങ്കൽ പദ്ധതി സംബന്ധിച്ച നിർദ്ദേശം തുടങ്ങിയവയുടെ പരിഷ്കരിച്ച നിർദ്ദേശം കേന്ദ്ര സർക്കാരിൽ സമർപ്പിക്കാനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

സെക്ഷൻ ഓഫീസർ.